# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഡൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 27 /1410/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോഡൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 27 /1410/2022 തീയ്യതി: 24/06/2022

## മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 18-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 19-05-2022 | 27-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-05-2022 | 27-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ.പി, ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുസ്സലാം.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഷജീർ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മൊയ്തീൻ ഫാസിൽ.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി റോസി .സി | സെക്രട്ടറി | 01-04-2020 | 03-09-2020 |
| ശ്രീമതി ബിന്ദു വി ആർ | സെക്രട്ടറി | 04-09-2020 | 14-12-2020 |
| ശ്രീമതി ഹേന.കെവി | സെക്രട്ടറി | 15-12-2020 | 27-12-2020 |
| ശ്രീമതി റോസി .സി | സെക്രട്ടറി | 28-12-2020 | 02-03-2021 |
| ശ്രീമതി ബിന്ദു വി ആർ | സെക്രട്ടറി | 03-03-2021 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. റാബിയ ചോലക്കൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. സി പി ഷാജി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മുസ്ലിറ മുഹമ്മദ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. മുഹമ്മദ് അൻവർ പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി.ബുഷ്റ.കെ.വി | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി. നഷീദ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| ശ്രീമതി. ഹസീന.എം.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-11-2020 | 31-03-2021 |
| ശ്രീ. വിപിൻ.വി | വെറ്ററിനറി സർജൻ | 01-04-2020 | 01-07-2020 |
| ശ്രീമതി.ബസീലമോൾ.ബി.എ | വെറ്ററിനറി സർജൻ | 02-07-2020 | 31-03-2021 |
| ശ്രീമതി.ശുഭ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീരാജ്.ആർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| വന്ദന.ബി.ജെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ. നവാസ് പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 04-05-2020 |
| ശ്രീമതി.സീമ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05-05-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 23-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 31-05-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 23-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 23-05-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 23-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Rishil.P (Audit Officer, On 30-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 23-05-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ.<br>Written By: Shajeer.K (Senior Grade Auditor, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Moideen Fazil .K (Auditor, On 31-05-2022)<br>Last Updated By: Sakeena K (Auditor, On 22-06-2022) | 1-12 |
| 13 | നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Abdul Salam.P (Senior Grade Auditor, On 26-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-13 |
| 14 | എസ്.എസ്.എ വിഹിതം നൽകൽ - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Abdul Salam.P (Senior Grade Auditor, On 26-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-14 |
| 15 | പൈങ്ങാറപ്പടി മണമ്മൽ റോഡ് പുനരുദ്ധാരണം -കരാറുകാരന് അധികം അനുവദിച്ചത് 2998 രൂപ<br>Written By: Rishil.P (Audit Officer, On 30-05-2022)<br>Last Updated By: Sakeena K (Auditor, On 22-06-2022) | 1-15 |
| 16 | TDS ഈടാക്കിയില്ല.<br>Written By: Shajeer.K (Senior Grade Auditor, On 31-05-2022)<br>Last Updated By: Sakeena K (Auditor, On 22-06-2022) | 1-16 |
| 17 | ആൽപ്പറ്റക്കുളമ്പ് അംഗൻവാടി പൂർത്തീകരണം -കരാറുകാരന് അധികം അനുവദിച്ചത് 4766 രൂപ<br>Written By: Rishil.P (Audit Officer, On 30-05-2022) | 1-17 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 09-06-2022) | |
| 18 | ചെലവ് അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 26-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-18 |
| 19 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 18044 രൂപ<br>Written By: Rishil.P (Audit Officer, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-19 |
| 20 | കാരീപറമ്പ് എസ്.സി കോളനി ഭവന സുരക്ഷ – പ്രവൃത്തി സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധം<br>Written By: Rishil.P (Audit Officer, On 30-05-2022)<br>Last Updated By: Rishil.P (Audit Officer, On 30-05-2022) | 1-20 |
| 21 | മരാമത്ത് പ്രവൃത്തികളിൽ നിന്നും ലഭ്യമായ മെറ്റീരിയൽസുകളുടെ ലേലം സംബന്ധിച്ച്<br>Written By: Rishil.P (Audit Officer, On 30-05-2022)<br>Last Updated By: Rishil.P (Audit Officer, On 30-05-2022) | 1-21 |
| 22 | മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Moideen Fazil .K (Auditor, On 31-05-2022)<br>Last Updated By: Sakeena K (Auditor, On 22-06-2022) | 1-22 |
| 23 | വസ്തുനികുതി അടവാക്കിയതിലെ അപാകത<br>Written By: Moideen Fazil .K (Auditor, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-23 |
| 24 | കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിലെ അപാകത<br>Written By: Moideen Fazil .K (Auditor, On 31-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 31-05-2022) | 1-24 |
| 25 | മരുന്നുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നു<br>Written By: Moideen Fazil .K (Auditor, On 31-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 31-05-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 27-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 30-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 23-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 23-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 30-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 23-05-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Moideen Fazil .K (Auditor, On 23-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Moideen Fazil .K (Auditor, On 23-05-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1.1തിയതി 17.03.2020 | 1(1)തിയതി 22.02.2021 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 29.06.2021 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,36,71,166 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,40,85,501 |
| ആകെ | 9,77,56,667 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,14,17669 |
| നീക്കിയിരിപ്പ് | 1,63,38,998 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18337000 | 18337000 | 16962611 | 1374389 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2906000 | 2906000 | 2190000 | 716000 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12151000 | 12151000 | 12151000 | 0 | |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4998923 | 4998923 | 4989577 | 9346 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6780000 | 6780000 | 3570249 | 3209751 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 10421629 | 10421629 | 9729319 | 692310 | |
| B. Fund | 0 | 59063331 | 59063331 | 59063331 | 0 | |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 243 | 104900282 | 186 | 66480892 | 0 | 57 | 63.38 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 339200 | 989512 | 1328712 | 1328712 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11818857 | 11818857 | 11818857 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതികളുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 720 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 2328500 | 1741 |
| വിധവാ പെൻഷൻ | 17816400 | 12675 |
| വാർധക്യകാല പെൻഷൻ | 30724600 | 23147 |
| വികലാംഗ പെൻഷൻ | 7158500 | 5163 |
| വിവാഹ ധനസഹായം | 390000 | 13 |
| 50വയസ്സിനു മുകളിലുള്ള വനിതാ പെൻഷൻ | 485900 | 356 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.05.2022 ന് 04:00 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിൽ കാഷ് കളക്ഷനായി ഉണ്ടായിരുന്ന 24769/- രൂപയുടെ കൃത്യത അന്നത്തെ ഡേ-ബുക്കിലെ തുകയുമായി ഒത്തു നോക്കി ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം അതാത് ദിവസം കാഷ് ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ കാഷ് ബുക്കിനു പകരം കാഷ് ബുക്ക് സമ്മറിയാണ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നത്.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 65 പ്രകാരമുള്ള വാർഷിക റിപ്പോർട്ട്, ചട്ടത്തിലെ (ഡി) പ്രകാരമുള്ള നടപടികൾ സഹിതം പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57, 58 എന്നിവ പ്രകാരമുള്ള കാലയളവിന്റെ അവസാനത്തെ നടപടികൾ ക്രമ പ്രകാരം നിർവ്വഹിക്കുന്നില്ല.

4. വിവിധ ഓഡിറ്റുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പേർട്ട് രജിസ്റ്റർ, ഫയൽ പരിപാലിക്കുന്നില്ല.

5.പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട് പ്രവ്യത്തികളുടെ ഫയലുകൾ രജിസ്റ്ററുകൾ എന്നിവ വളരെ നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-04-2022 | മാർച്ച് 2022 | ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 15/09/2017 | 2012-13 മുതൽ 2016-17 വരെ | 17/01/2018 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ.

2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക കണക്കിൽ B-18 ഷെഡ്യൂളിൽ Advance To Others ഇനത്തിൽ 322757 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് രജിസ്റ്റർ പ്രകാരം 349557 ആണ്.

2. B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുക B-17 ൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഇനം | തുക |
|---|---|
| ICDS | 57012 |
| Suchithwa Mission | 2754093 |
| TSC | 190000 |

3. ബാങ്ക് അക്കൗണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. AFS (40-b) പ്രകാരമുള്ള അക്കൗണ്ടുകളിൽ ക്ലോസ് ചെയ്യാവുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഉദാ- SBT MAIN SAND - 31.3.2021 ലെ ബാലൻസ് തുക : 137393)

5. ആസ്തികളുടെ Deppreciation Statement തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

6. (B18 ) പ്രകാരമുള്ള Advance തുകകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ Advance രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. B-4 പ്രകാരമുള്ള തുകകൾക്ക് പ്രത്യേകം എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

8. 2019-20 AFS B-15 പ്രകാരം കെട്ടിട നികുതി ബാലൻസ് 26818 (152+26666), കുടിശിക 12422 ഉൾപ്പെടെ 39240 ആണ്. എന്നാൽ സഞ്ചയ പ്രകാരം 2020-21 കുടിശിക ഡിമാന്റ് 1166 രൂപ ആണ്.

9. 2020-21 കെട്ടിട നികുതി കുടിശിക കളക്ഷൻ സഞ്ചയ പ്രകാരം 311 രൂപയുണ്ട്. എന്നാൽ ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. 2020-21 AFS പ്രകാരം കെട്ടിട നികുതി തൻവർഷത്തെ കളക്ഷൻ 4041677 (2027239+2014438)ആണ്. എന്നാൽ സഞ്ചയ പ്രകാരം 2017176രൂപയാണ്.

11. 2020-21 B-15 പ്രകാരം കെട്ടിട നികുതി തൻവർഷത്തെ ബാലൻസ് 792019 (328034+463985)രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരം 330828 രൂപയാണ്.

12. 2020-21 AFS B-15 പ്രകാരം കെട്ടിട നികുതി കുടിശ്ശിക ബാലൻസ് 39240 (39088+152)രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരം ആയത് 1021രൂപയാണ്.

13.ബാങ്ക് ബുക്കുകൾ, സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

14. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

15. MGNREGA ഭരണ ചെലവ് ഇനങ്ങൾക്കുള്ള വരവ് വാർഷിക കണക്ക് (RP-31) പ്രകാരം 989512 ആണ്. എന്നാൽ ആയത് രജിസ്റ്റർ പ്രകാരം 985000 ആണ്. തൊഴിലുറപ്പ് പദ്ധതിയുടെ Financial Statement പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

16. 2020-21 ലെ ലൈസൻസ് ഫീ യഥാർഥ വരവ് 160800ആണ് (30500+ 130300) . എന്നാൽ ആയത് I 4(b) പ്രകാരം 159000 ആണ്.(വ്യത്യാസം 1800 )

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (20/28-05-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1.താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചിലതിൽ ഈടാക്കിയതിൽ കുറവ് കാണപ്പെടുന്നു.

| ക്രമ നം | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | അൽ ഹുദാ ഹൈസ്കൂൾ,വട്ടപ്പറമ്പ് | ഒന്നാം പാദം& രണ്ടാം പാദം |

| | | |
|---|---|---|
| 2 | ഐ.സി.ഇ.ടി പബ്ളിക് സ്കൂൾ | ഒന്നാം പാദം |

| | സ്ഥാപനം | ജീവനക്കാരിയുടെ പേര് | ഈടാക്കേണ്ടതുക | ഈടാക്കിയ തുക |
|---|---|---|---|---|
| 3 | ജി.എം.എൽ.പി സ്കൂൾ കുട്ടശ്ശേരികുളമ്പ് | ചന്ദ്രമതി.വി<br>(അർദ്ധവാർഷിക വരുമാനം 100984/- രൂപ) | 1000 | 750 |

2.താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | അൽ ഹുദാ ഹൈസ്കൂൾ,വട്ടപ്പറമ്പ് | ഒന്നാം പാദം& രണ്ടാം പാദം |
| 2 | ഐ.സി.ഇ.ടി പബ്ളിക് സ്കൂൾ | ഒന്നാം പാദം |
| 3 | ബി.എസ്.എൻ.എൽ | ഒന്നാം പാദം& രണ്ടാം പാദം |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം 18) മറുപടി ലഭ്യമായിട്ടില്ല. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല

2020-21 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് വിവിധ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രൊജക്റ്റുകൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ / പേര് | വൗച്ചർ നമ്പർ / തിയ്യതി | ചെലവ് തുക | തുക വനിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|
| 243/21 പെരിങ്ങോട്ടുപുലം കുടിവെള്ള പദ്ധതിക്ക് പമ്പിംഗ് മെയിനും, പമ്പ് സെറ്റും സ്ഥാപിക്കൽ (KWA ഡെപ്പോസിറ്റ്)<br>അടങ്കൽ : 760000 | 22001043/02.11.2020 | 760000 (ധനകാര്യ കമ്മീഷൻ അവാർഡ്) | KWA മലപ്പുറം |
| 241/21 തണ്ണീറ്റ്ചോല കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്)<br>അടങ്കൽ : 1073440 | 22001159/02.11.2020 | 1073440 (ധനകാര്യ കമ്മീഷൻ അവാർഡ്) | KWA മലപ്പുറം |
| 249/21 വിവിധ അംഗനവാടികൾക്ക് വൈദ്യുതീകരണം<br>അടങ്കൽ : 75000<br>(തനത് ഫണ്ട്) | 22000509/22.10.2020 | 10444 | ഒറ്റത്തറ അംഗൻവാടിയിലേക്ക് സർവീസ് കണക്ഷൻ (KSEB Electrical Section - ചട്ടിപ്പറമ്പ്) |
| | 22000510/22.10.2020 | 10644 | പാറമ്മൽ അംഗൻവാടിയിലേക്ക് സർവീസ് കണക്ഷൻ (KSEB Electrical Section - ചട്ടിപ്പറമ്പ്) |
| ആകെ | | 1854528 | |

പ്രവൃത്തി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിയെ (നമ്പർ : 02/24.05.2022) ഉടർന്ന് ബന്ധപ്പെട്ട ഫയലുകൾ ലഭ്യമാക്കിയെങ്കിലും മേൽ ചെലവ് തുകകളുടെ പ്രവൃത്തി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 1854528/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-14 എസ്.എസ്.എ വിഹിതം നൽകൽ - പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ

2020-21 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ, ആർ.എം.എസ്.എ പ്രൊജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഈ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്നും ഈ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. [ ഖ 7.6 (3) ]

പഞ്ചായത്ത് 2020-21 ൽ നടപ്പാക്കിയ എസ്.എസ്.എ വിഹിതം നൽകൽ (പ്രൊജക്ട് നമ്പർ – 147/21) എന്ന പ്രൊജക്ട് മേൽ നിർദേശങ്ങൾ പാലിക്കാതെയാണ് നടപ്പാക്കിയത്. ഈ പ്രൊജക്ട് നടപ്പാക്കുന്നതിനായി 10,00,000 രൂപ പഞ്ചായത്ത് വിഹിതം ആയി എസ്.എസ്.എ മലപ്പുറം ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ : 22001013/29.07.2020 – പ്ലാൻ ഫണ്ട് ജനറൽ)

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) എസ്.എസ്.എ പ്രൊജക്ട് തയ്യാറാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്തിന്റെ പങ്കാളിത്തം ഉണ്ടായിട്ടില്ല. എസ്.എസ്.എ ഒരു പദ്ധതി തയ്യാറാക്കി പഞ്ചായത്തിന് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്.

2) പഞ്ചായത്തിന്റെ പങ്കാളിത്തമില്ലാതെ പ്രൊജക്ട് തയ്യാറാക്കിയതിനാൽത്തന്നെ ഈ പ്രൊജക്ടിന് പഞ്ചായത്ത് വിഹിതമായി എസ്.എസ്.എ കണക്കാക്കിയ തുക ( ആകെ 75.94 ലക്ഷം ഇതിൽ 30.376 ലക്ഷം പഞ്ചായത്ത് വിഹിതം) പഞ്ചായത്ത് വകയിരുത്തിയിട്ടുമില്ല. ഓഡിറ്റ് വർഷത്തിൽ ആകെ 10 ലക്ഷം രൂപ മാത്രമാണ് പഞ്ചായത്ത് വിഹിതമായി വകയിരുത്തുകയും നൽകുകയും ചെയ്തിട്ടുള്ളത്.

3) എസ്.എസ്.എ തയ്യാറാക്കിയ പ്രൊജക്ടിൽ പരാമർശിച്ച പദ്ധതികൾ ഏതെല്ലാം വിദ്യാലയങ്ങളിലാണ് നടപ്പാക്കിയത് / സേവനം നൽകിയത് ഏതെല്ലാം സ്കൂളുകളിലെ കുട്ടികൾക്കാണ് എന്നത് സംബന്ധിച്ച യാതൊരു രേഖയും പഞ്ചായത്തിൽ ലഭ്യമല്ല.

4) 2020-21 വർഷത്തെ പ്രൊജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05/24.05.2022) നൽകിയ മറുപടിയോടൊപ്പം 05.07.2021 ന് എസ്.എസ്.എ മലപ്പുറം ജില്ലാ പ്രൊജക്ട് കോ ഓർഡിനേറ്റർ പഞ്ചായത്തിന് നൽകിയ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് തൻവർഷത്തെ പ്രൊജക്ട് പ്രകാരം നിശ്ചയിച്ച മുഴുവൻ പദ്ധതികളും നടപ്പാക്കി ആകെ വകയിരുത്തിയ 75.94 ലക്ഷം രൂപയും ചെലവഴിച്ചതായാണ് കാണിച്ചിരിക്കുന്നത്. പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുകയിൽ 20.376 ലക്ഷം രൂപ ഗ്രാമപ്പഞ്ചായത്ത് എസ്.എസ്.എ ക്ക് നൽകാനുണ്ടായിരിക്കെ പ്രൊജക്ടിന് വകയിരുത്തിയ തുക മുഴുവനായി ചെലവഴിച്ചത് എങ്ങനെ എന്ന് വ്യക്തമല്ല.

എസ്.എസ്.എ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം വരവ് തുകയും ചെലവഴിച്ച തുകയും തമ്മിൽ വലിയ അന്തരമുള്ളതിനാലും, പ്രൊജക്ടിൽ പരാമർശിക്കുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയതിന്റെ വിശദമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെടാവുന്നതാണ്.

സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചും ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തിയും പ്രൊജക്ട് തയ്യാറാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

## 1-15 പൈങ്ങാറപ്പടി മണമ്മൽ റോഡ് പുനരുദ്ധാരണം -കരാറുകാരന് അധികം അനുവദിച്ചത് 2998 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ -_അസി. എഞ്ചിനീയർ

പ്രൊജക്ട് നം : SO105/21

അടങ്കൽ : 3,00,000

ഫണ്ട് : വികസന ഫണ്ട് (G)+തനത് ഫണ്ട് (2,00,000+1,00,000)

ചെലവ് : 283283

ബിൽ നമ്പർ - 53/12.10.20 – 2,00,000

ചെക്ക് നം- JK-2896386 - 83283

കരാർ നം : AE/LSGD/KDR/64/19-20 തീയ്യതി.2.12.19 (Estimate Rate)

എം ബുക്ക് നം: 45/19-20

DSOR : 2016 Coi.31.06%

കരാറുകാരൻ : ജംഷീർ .OK

TS No-89541/19-20

Est.No-2019/94891

പൈങ്ങാറപ്പടി മണമ്മൽ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഭാഗമായി ഇനം 5 പ്രകാരം ഡ്രൈനേജിന് മുകളിലായി 50 Mm സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് Grating ചെയ്തിട്ടുണ്ട് (60 Cm വീതിയിൽ). പ്രവൃത്തി ചെയ്തതിന് Observed Data പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് . (പ്രവൃത്തി 25.5.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു)

118.33 Kg X 135.26/kg = 16005.32

Grating പ്രവർത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

118.33 Kg X 112.64/kg = 13328.69

കരാറുകാരന് അധികം അനുവദിച്ചത്

2676.62+12 GST = 2998

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 9 / 26.5.22 )മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുണ്ടായ പിഴവായതിനാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-16 TDS ഈടാക്കിയില്ല.

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ "അംഗനവാടി പോഷകാഹാര പരിപാടി"(26/2020-21) പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന്-നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/തിയ്യതി | സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | ബിൽ തുക | GST ഒഴികെയുള്ള തുക |
|---|---|---|---|---|
| ബിൽ നമ്പർ. 21/ 20-21/ തി. 10.3.2021 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ | 50/7.1.2021 | 166869 | 157850 |
| ബിൽ നമ്പർ. 20/20-21, 5.3.2021 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ | 34/ തി.3.10.2020 | 176859 | 167300 |
| ബിൽ നമ്പർ. 20/20-21, 5.3.2021 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ | 39 / തി.5.11.2020 | 176490 | 166950 |
| ബിൽ നമ്പർ. 20/20-21, 5.3.2021 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ | 43/ തി. 4.12.2020 | 166869 | 157850 |
| ബിൽ നമ്പർ. 6/ 20-21/ തി. 19.8.2020 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ | 19/4.7.2020 | 145779 | 137900 |
| ബിൽ നമ്പർ. 5/ 20-21/ തി. 10.7.2020 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, | 12/3.6.2020 | 137900 | 145779 |

| | | | | |
|---|---|---|---|---|
| | മൊറയൂർ | | | |
| ബിൽ നമ്പർ. 4/ 20-21/ തി. 17.6.2020 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ | 7/2.5.2020 | 145779 | 137900 |
| ബിൽ നമ്പർ. 1/ 20-21/ തി. 3.6.2020 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ | 96/16.3.2020 | 135419 | 128100 |
| ബിൽ നമ്പർ. 1/ 20-21/ തി. 3.6.2020 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ | 5/7.4.2020 | 135419 | 128100 |
| ബിൽ നമ്പർ. 2/ 20-21/ തി. 3.6.2020 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ | 38/16.2.2020 | 135419 | 128100 |
| ബിൽ നമ്പർ. 17/ 20-21/ തി. 29.1.21 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ | 25/5.8.2020 | 154290 | 145950 |
| ബിൽ നമ്പർ. 18/ 20-21/ തി.9.2.21 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ | 27/5.8.2020 | 155768 | 147350 |

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (19/28-05-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാങ്ങിയ സ്ഥാപനങ്ങളുടെ GST തുക മുഴുവനായും സ്ഥാപനം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-17 ആൽപ്പറ്റക്കുളമ്പ് അംഗൻവാടി പൂർത്തീകരണം -കരാറുകാരന് അധികം അനുവദിച്ചത് 4766 രൂപ

പ്രൊജക്റ്റ് നം : SO120/21

അടങ്കൽ : 4,00,000

ഫണ്ട് : വികസന ഫണ്ട് (G)

ചെലവ് : 399411

ബിൽ നമ്പർ - 79/16.1.21 - 399411

കരാർ നം : AE/LSGD/KDR/106/19-20 തീയ്യതി.6.3.20 (Estimate Rate)

എം ബുക്ക് നം: 41/19-20

DSOR : 2016 Coi.31.06%

കരാറുകാരൻ : മെയ്തീൻ .C

TS No-104475/19-20

Est.No-2019/41663

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ ആൽപ്പറ്റ കുളമ്പ് അംഗൻവാടി കെട്ടിടം പൂർത്തീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിൽ ഗ്രിൽ വർക്ക് ചെയ്യതിന് പ്രവൃത്തിയുടെ ഇനം 6 പ്രകാരം DAR Code 9.48.2 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് . (പ്രവൃത്തി 25.5.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു)

335.573 Kg X 147.38/kg = 49456.75

ബിൽഡിംഗുമായി ബന്ധപ്പെട്ട് Steel/Wooden Frame With Rawl Plug ഉപയോഗിച്ച് കൊണ്ടുള്ള ഗ്രിൽ വിൻഡോ പ്രവർത്തികൾക്കാണ് DSR Code 9.48.2 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ഗ്രിൽ വർക്ക് ചെയ്തിട്ടുള്ളത് ചുമരിലേക്ക് നേരിട്ട് (Welding) ബന്ധിപ്പിച്ചതായതിനാൽ അനുവദിക്കാവുന്നത് DSR Code 9.48.1 പ്രകാരമുള്ള നിരക്കാണ് (പ്രവൃത്തിയിൽ ഫ്രയിം വർക്കിന്റെയും (Steel/Wooden) Rawl Plug ന്റെയും ഉപയോഗം വന്നിട്ടില്ല). ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

335.573 Kg X 137.15/kg = 46023.83

3432.92+12 GST = 3845

കരാറുകാരന് അധികം അനുവദിച്ചത് = 3845

പ്രവൃത്തിയുടെ ഇനം 12 പ്രകാരം 50.10.1 (Approved OD) പ്രകാരമുള്ള നിരക്ക് അനുവദിച്ച് കെട്ടിടത്തിന്റെ മേൽക്കൂര നിർമ്മിച്ചതിന് (സ്റ്റീൽ പ്രവൃത്തി) താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് .

33.747 Kg X 131.26/kg = 4429.63

എന്നാൽ ചെയ്തത് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്നത് 50.10.2 (Approved OD) പ്രകാരമുള്ള നിരക്കാണ്

അനുവദിക്കാവുന്നത്

33.747 Kg X 106.88/kg = 3606.87

കരാറുകാരന് അധികം അനുവദിച്ചത് - 822.76+12 GST = 921

പ്രവൃത്തിയിൽ കരാറുകാരന് ആകെ അധികം അനുവദിച്ചത് - 4766 രൂപ

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 8 / 26.5.22 )മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുണ്ടായ പിഴവായതിനാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 ചെലവ് അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

2020-21 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രൊജക്റ്റുകളുടെ ചെലവ് അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ / പേര് | വൗച്ചർ നമ്പർ / തിയ്യതി | ചെലവ് തുക | കുറിപ്പ് |
|---|---|---|---|
| 242/കോഡൂർ ഗ്രാമ പഞ്ചായത്ത് കോങ്കയം പമ്പ് ഹൗസിന് പുതിയ മോട്ടോർ പമ്പ് സെറ്റ് അടങ്കൽ : 810000 (ജോയിന്റ് വെഞ്ചർ, മുനിസിപ്പാലിറ്റി) | 22001198/20.02.2021 | 810000 | തുക മലപ്പുറം KWA യിൽ ഡെപ്പോസിറ്റ് ആയി അടവാക്കി. (അക്കൗണ്ട് നമ്പർ - 67000676537) പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 189/കോങ്കയം കുടിവെള്ള പദ്ധതിക്ക് പമ്പ്സെറ്റ് അടങ്കൽ : 400000 (വികസന ഫണ്ട് ജനറൽ) | 22001050/26.05.2020 | 400000 | തുക മലപ്പുറം KWA യിൽ ഡെപ്പോസിറ്റ് ആയി അടവാക്കി. (അക്കൗണ്ട് നമ്പർ - 67000676537) പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 188/പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - KWA ഡെപ്പോസിറ്റ് (ചോലക്കൽ വലിയപറമ്പ് ഭാഗം) അടങ്കൽ : 110000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 22001049/12.05.2020 | 110000 | തുക മലപ്പുറം KWA യിൽ ഡെപ്പോസിറ്റ് ആയി അടവാക്കി. (അക്കൗണ്ട് നമ്പർ - 67000676537) പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

| | | |
|---|---|---|
| ആകെ | 1320000 | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ : 04/24.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചെലവ് തുകകളുടെ അനുബന്ധ രേഖകളായ എസ്റ്റിമേറ്റ്, കരാർ, ബിൽ, പൂർത്തീകരണ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 1320000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല - നഷ്ടം 18044 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | ചേലൂർ ചട്ടിപ്പറമ്പ് റോഡ് ഡ്രൈനേജ് പ്രവൃത്തി (SO176/20)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം - JC-7474139/29.4.20<br>മൂല്യ നിർണ്ണയം -296492<br>PAC-300000<br>അളവ് പുസ്തകം - 20/19-20<br>കരാറുകാരൻ - ജംഷീർ.OK<br>കരാർ- AE/LSGD /KDR/67/18-19<br>Dtd.27.11.18 | 27.11.18 | 26.11.19 വരെ (2 മാസം) | 30.5.19 | 5200<br>27.1.19 മുതൽ 26.4.19 വരെ<br>3000<br>27.04.19 മുതൽ 29.5.19 വരെ<br>2200<br>പ്രവൃത്തിയുടെ Payment അനുവദിച്ചത് 20-21 ആണെങ്കിലും പ്രവൃത്തി Spill Over ആയി കൊണ്ടു വന്നിട്ടില്ല. |
| 2 | ചോലശ്ശേരി കടവ് നവീകരണം (SO 254/20)<br>ഫണ്ട് - തനത് ഫണ്ട് -2,00,000<br>ചെക്ക് നം - | 26.12.17 | 25.6.18 വരെ (6 മാസം) | 30.5.19 | 12844<br>26.6.18 മുതൽ 25.9.18 വരെ<br>2000<br>26.9.18 |

| | | | | | |
|---|---|---|---|---|---|
| | JC-7474139/29.4.20 (തുക426147- 2 പ്രവൃത്തികൾക്ക് നൽകിയ ചെക്ക്)<br>മൂല്യ നിർണ്ണയം - 139950<br>PAC-200000<br>അളവ് പുസ്തകം - 16/19-20<br>കരാറുകാരൻ - അബ്ദുറഹ്മാൻ സാദിക്<br>കരാർ- AE/LSGD /KDR/16/17-18<br>Dtd.26.12.17 | | | | മുതൽ 25.12.18 വരെ<br>4000<br>26.12.18 മുതൽ 25.3.19 വരെ<br>4000<br>26.3.19 മുതൽ 29.5.19 വരെ<br>2844<br>പ്രവൃത്തിയുടെ Payment അനുവദിച്ചത് 20-21 ആണെങ്കിലും പ്രവൃത്തി Spill Over ആയി കൊണ്ടു വന്നിട്ടില്ല. |
| | ആകെ | | | | 18044 |

പിഴ ഈടാക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 11 / 26.5.22 )മറുപടി ലഭ്യമാക്കിയില്ല. പിഴയിനത്തിലുള്ള നഷ്ടം ഉത്തരവാദികളിൽ ഈടാക്കേണ്ടതാണ്.

## 1-20 കാരീപറമ്പ് എസ്.സി കോളനി ഭവന സുരക്ഷ – പ്രവൃത്തി സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധം

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - SO129/21

ഫണ്ട് - തനത് ഫണ്ട്

ചെക്ക് നം - JM-1711124/18.12.20

മൂല്യനിർണ്ണയം - 228301

കരാർ 30/AE/LSGD/KUR/19-20 തി.9.6.2020

അളവ് പുസ്തകം 28/20-21

കരാറുകാരൻ- സഫ്വാൻ. PP

TS No-2285/20-21

Est.No-2020/24975

TS-299000

2020-21 വർഷത്തിൽ കാരീപറമ്പ് എസ്.സി കോളനി ഭവന സുരക്ഷ എന്ന പേരിൽ പഞ്ചായത്തിൽ പ്രൊജക്റ്റ് നടപ്പാക്കുന്നതിന് ആകെ ₹ 228301 ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിവിധ വ്യക്തികളുടെ ഭൂമിക്ക് ചുറ്റുമതിൽ/സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകുകയാണ് ഇതിൽ ചെയ്തിട്ടുള്ളത്. പൊതു ആസ്തികളുടെ സംരക്ഷണത്തിനല്ലാതെ സ്വകാര്യ വ്യക്തികളുടെ ആസ്തി സംരക്ഷണമാണ് മേൽ പ്രൊജക്റ്റുകളിലൂടെ നിർവഹിക്കുന്നത്.

ഈ കാലയളവിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ( GO(MS) 11/2018/ LSGD Dt 29.01.2018 ) പ്രകാരം, പട്ടികജാതി ഉപപദ്ധതിയിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രൊജക്റ്റുകളും പട്ടികജാതിക്കാരുടെ പൊതു സൗകര്യ വികസനത്തിനുള്ള പ്രൊജക്റ്റുകളും ഏറ്റെടുക്കാവുന്നതാണ് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും നൽകാവുന്ന വ്യക്തിഗത ആനുകൂല്യങ്ങളും, നൽകാവുന്ന പരമാവധി തുകയും സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO(MS) 22/2018/LSGD Dt 14.02.2018 )

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദിക്കപ്പെട്ട ഇനങ്ങൾക്ക് അനുവദിക്കപ്പെട്ട നിരക്കിന് വിധേയമായി മാത്രമേ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാവൂ എന്നത് സർക്കാർ വ്യക്തമാക്കിയതാണ്. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിന് ധനസഹായം നൽകണമെങ്കിൽ സർക്കാറിന്റെ പ്രത്യേക അനുമതി നേടേണ്ടതാണ് എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയതാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ സ്വകാര്യഭൂമിക്ക് ചുറ്റുമതിൽ/സംരക്ഷണ ഭിത്തി കെട്ടി നൽകുന്നതിന് സബ്സിഡി മാർഗ്ഗരേഖയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകളിലോ സർക്കാർ അനുമതി നൽകിയിട്ടില്ല.

സർക്കാർ അനുമതിയില്ലാതെ സ്വകാര്യ വ്യക്തികളുടെ ഭൂമിക്ക് ചുറ്റുമതിൽ/സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകുന്നതിനുള്ള പ്രൊജക്ട് ഏറ്റെടുത്ത് പദ്ധതിപ്പണം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 10 / 26.5.22 )മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യമറുപടിയിൽ ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തികളിൽ നിന്നും ലഭ്യമായ മെറ്റീരിയൽസുകളുടെ ലേലം സംബന്ധിച്ച്

അസി.എഞ്ചിനീയറുടെ 24.8.21 ലെ AE-04/2019 നമ്പർ കത്ത് പ്രകാരം 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും പിന്നീട് സ്പിൽ ഓവറായി വന്നതുമായ താഴെ പറയുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് കെട്ടിടങ്ങൾ പൊളിച്ചതിൽ ലഭ്യമായതും ഉപയോഗപ്രദമായതുമായ മെറ്റീരിയൽസ് ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനുള്ള സർവെ റിപ്പോർട്ടും നൽകിയിട്ടുണ്ട്. പ്രവൃത്തികളിൽ നിന്നും ലഭ്യമായ മെറ്റീരിയൽസ് ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല..

| പ്രവൃത്തി | ഇനം | മെറ്റീരിയൽസ് പൊളിച്ചെടുത്തതിന് അനുവദിച്ച തുക |
|---|---|---|
| മുണ്ടക്കോട് സബ് സെന്റർ പുരോഗമന പ്രവൃത്തി | DAR Code 15.31<br>ഇനം 7 | 1118.05 |
| | DAR Code 15.12.1<br>ഇനം 8 | 827.52 |
| കുട്ടശ്ശേരി കുളമ്പ് സ്കൂൾ പുരോഗമന പ്രവൃത്തി | DAR Code 15.14.2<br>ഇനം 4 | 544.58 |
| | DAR Code 15.28.2<br>ഇനം 5 | 2480.21 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 13 / 26.5.22 )മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യമറുപടിയിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-22 മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രൊജക്ട്: കിഡ്നി മാറ്റി വെച്ച രോഗികൾക്കുള്ള മരുന്ന് വാങ്ങൽ

പ്രൊജക്ട് നമ്പർ:141/20-21

അടങ്കൽ തുക: 200000

പ്രൊജക്ട് വിഭാഗം: മെയിന്റനൻസ് ഫണ്ട് റോഡിതരം

ബിൽ നമ്പർ: 105-25/08/2020 തുക 61857/-

277-08/02/2021 തുക 66937/-

153/03-11-20 തുക 55123/-

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 183917 രൂപ കാരുണ്യ ഫാർമസി, മഞ്ചേരിക്ക് കിഡ്നി മാറ്റി വെച്ച രോഗികൾക്കുള്ള മരുന്ന് സപ്ലൈ ചെയ്യുന്നതിന് വേണ്ടി അനുവദിച്ചിട്ടുണ്ട്. രോഗികളുടെ അപേക്ഷ പ്രകാരമാണ് മരുന്ന് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളതും മരുന്ന് വാങ്ങിയിട്ടുള്ളതും എന്നാൽ ലഭ്യമായ മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. താഴെ കൊടുക്കുന്ന ഇൻവോയ്സ് പ്രകാരമുള്ള 183917 രൂപ കാരുണ്യ ഫാർമസിക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|

| | | |
|---|---|---|
| 1 | 5021 | 66937 |
| 2 | 3459 | 55123 |
| 3 | 2288 | 61857 |
| ആകെ തുക | | 183917 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം 17) മറുപടി ലഭ്യമായിട്ടില്ല.

## 1-23 വസ്തുനികുതി അടവാക്കിയതിലെ അപാകത

കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1.2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7, പട്ടിക 1 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ വ്യത്യസ്ത മേഖലകളാക്കി തരം തിരിച്ചിട്ടുണ്ട്. ഇതു പ്രകാരം സർക്കാർ-അർദ്ധസർക്കാർ ഓഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ, മാർക്കറ്റ്, ആശുപത്രി എന്നിവ താരതമ്യേന കൂടുതലായി സ്ഥിതിചെയ്യുന്ന പ്രദേശങ്ങളെ അല്ലെങ്കിൽ താരതമ്യേന വികസിതമായ പ്രദേശങ്ങളെ പ്രഥമമേഖലകളായി കണക്കാക്കാവുന്നതാണ്. എന്നാൽ കോഡൂർ ഗ്രാമപഞ്ചായത്തിൽ ചെമ്മങ്കടവ് അങ്ങാടിയും പരിസരപ്രദേശങ്ങളെയും മാത്രമാണ് പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വളരെയധികം വ്യാപാര സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതും, പല പ്രധാന റോഡുകളുടെയും സംഗമസ്ഥാനവുമായ ചട്ടിപ്പറമ്പ് അങ്ങാടിയും പരിസരപ്രദേശങ്ങളും ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. (ഭരണസമിതിയുടെ 26.05.11-ലെ 7(1) തീരുമാനം)

വികസിത പ്രദേശങ്ങളെ ദ്വിതീയ മേഖലകളിൽ ഉൾപ്പെടുത്തുന്നത് മൂലം, വസ്തു നികുതിയിൽ 10% ഇളവ് കൊടുക്കേണ്ടി വരികയും, ഇതു വഴി ഗ്രാമപഞ്ചാത്തിന് വസ്തുനികുതി ഇനത്തിൽ ലഭ്യമാകുമായിരുന്ന തുകയിൽ വലിയ കുറവ് വരുകയും ചെയ്യുന്നുണ്ട്. മേഖലകളെ ശാസ്ത്രീയമായി പുനർനിർണ്ണയിച്ച് വസ്തുനികുതിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.
2019-2020 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം പ്രതിപാധിച്ചിട്ടുണ്ടെങ്കിലും നാളിത് വരെ നടപടി എടുത്തിട്ടില്ല.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | മേഖല ഇളവ് അനുവദിച്ചത് |
|---|---|---|
| 1 | 7/20C | 10% |
| 2 | 7/20D | 10% |
| 3 | 7/20E | 10% |
| 4 | 7/20F | 10% |

2. 7-ാം വാർഡിൽ ചട്ടിപ്പറമ്പ് അങ്ങാടിയിൽ സ്ഥിതി ചെയ്യുന്ന 7/550A നമ്പറിട്ട റൂമിന് 20% മേഖല ഇളവ് നൽകിയിട്ടുണ്ട്.എന്നാൽ ഇതിനോട് ചേർന്നുള്ള 7/550B നമ്പറിട്ട റൂമിന് 10% മേഖല ഇളവ് ആണ് നൽകിയിട്ടുള്ളത്.ഒരേ മേഖലയിൽ സ്ഥിതി ചെയ്യുന്ന റൂമുകൾക്ക് വ്യത്യസ്ഥ തരത്തിൽ ഇളവ് അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

| കെട്ടിട നമ്പർ | അടിസ്ഥാനഭ്രനികുതി | മേഖല ഇളവ് അനുവദിച്ചത് |
|---|---|---|
| 7/550A | 32741 | 6548.2(20%) |
| 7/550B | 1858.5 | 185.85(10%) |

3. 7-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 7/652B നമ്പറിട്ട റൂമിന് 30% മേഖല ഇളവ് നൽകിയിട്ടുണ്ട്.

| കെട്ടിട നമ്പർ | അടിസ്ഥാനഭ്രനികുതി | മേഖല ഇളവ് അനുവദിച്ചത് |
|---|---|---|
| 7/652B | 14253.5 | 4276.05(30%) |

കെട്ടിടം സ്ഥിതിചെയ്യുന്ന മേഖലകളെ പ്രഥമം,ദ്വിതീയം,ത്രിതീയം എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് ദ്വിതീയ മേഖലക്ക് 10%,ത്രിതീയ മേഖലക്ക് 20% പ്രഥമമേഖലക്ക് 0% എന്നിങ്ങനെയാണ് ഇളവ് നൽകേണ്ടത്.എന്നാൽ പ്രസ്തുത റൂമിന് 30% മേഖല ഇളവ് നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം 14) മറുപടി ലഭ്യമായിട്ടില്ല.

### 1-24 കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിലെ അപാകത

പ്രൊജക്റ്റ്: പി.എച്ച്.സി,സബ്സെന്റർ എന്നിവിടങ്ങളിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

പ്രൊജക്റ്റ് നമ്പർ:138/20-21

അടങ്കൽ തുക: 455000

പ്രൊജക്റ്റ് വിഭാഗം: തനത്ഫണ്ട്

ചെക്ക് നമ്പർ: 5612235 തിയ്യതി 19-03-2021

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മേൽ പദ്ധതിക്ക് കെൽട്രോണിന് താഴെ കൊടുത്ത പ്രൊഫോമകൾ പ്രകാരം 267129 രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പ്രൊഫോമ നം | തുക |
|---|---|---|
| 1 | 22958-03/03/2021 | 220815 |
| 2 | 22955-03/03/2021 | 26126 |
| 3 | 22959-03/03/2021 | 20188 |
| ആകെതുക | | 267129 |

എന്നാൽ ലഭ്യമാക്കിയ റശീതികൾ പ്രകാരം പ്രസ്തുത ഉപകരണങ്ങൾക്ക് 255911 രൂപയാണ് ചെലവ് വരുന്നത്. അവശേഷിക്കുന്ന തുക കെൽട്രോണിൽ നിന്ന് തിരിച്ച് ഈടാക്കേണ്ടതാണ്.മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം 15) മറുപടി ലഭ്യമായിട്ടില്ല.

### 1-25 മരുന്നുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നു

പ്രൊജക്റ്റ്: പാലിയേറ്റീവ് കെയർ

പ്രൊജക്റ്റ് നമ്പർ:132/20-21

അടങ്കൽ തുക: 650000

പ്രൊജക്റ്റ് വിഭാഗം: പ്ലാൻ ഫണ്ട് പൊതു വിഭാഗം

ബിൽ നമ്പർ: 210-08/01/2021

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മേൽ പദ്ധതിക്ക് കെ.എം.എസ്.സി.എല്ലിന് പ്രൊഫോമ 2609-30/09/2020 പ്രകാരം 135000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 118746/- രൂപയുടെ മരുന്നുകളാണ് വിതരണം ചെയ്തിട്ടുള്ളത്.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊഫോമ നം | തുക |
|---|---|---|
| 1 | 44818-30/03/2021 | 26500 |
| 2 | 733-30/04/2021 | 90481 |
| 3 | 7385-14/10/21 | 1417 |
| 4 | 12874-11/02/2022 | 348 |
| ആകെ തുക | | 118746 |

16254 രൂപയുടെ മരുന്നുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നു.മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം 16) മറുപടി ലഭ്യമായിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 26.05.2022 മുതൽ 27.05.2022വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 400000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം.142/21) | 400000 | 0 |
| ജില്ലാപഞ്ചായത്ത് | 755883 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രൊജക്ട് നം.142/21 | 755883 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ബിൽ /ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|---|
| കെ.ഡബ്ള്യു.എ | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ കെ.ഡബ്ള്യു.എ ചോലക്കൽ വലിയപറമ്പ് ഭാഗം(188/20-21) | 36-11/04/2020 | 110000 | 110000 | | 0 |
| കെ.ഡബ്ള്യു.എ | കോങ്കയം കുടിവെള്ള പദ്ധതിക്ക് പമ്പ് സെറ്റ്(189/20-21) | 19-11/04/2020 | 400000 | 400000 | | 0 |
| കെ.ഡബ്ള്യു.എ | തണ്ണീറ്റ് ചോലകുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽകെ.ഡബ്ള്യു.എ ഡെപ്പോസിറ്റ്(241/20-21) | 152-2/11/2020 | 1073440 | 1073440 | | 0 |
| കെ.ഡബ്ള്യു.എ | കോഡൂർ ഗ്രാമ പഞ്ചായത്ത്കോങ്കയം പമ്പ് ഹൗസിന് പുതിയ മോട്ടോർ പമ്പ് സെറ്റ്(242/20-21) | 281-20/02/2021 | 810000 | 810000 | | 0 |
| കെ.ഡബ്ള്യു.എ | പെരിങ്ങോട്ടുപുലം കുടിവെള്ള പദ്ധതിക്ക് പമ്പിംഗ് മെയിനും പമ്പ് സെറ്റും | 151-02/11/2020 | 760000 | 760000 | | 0 |

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപിക്കൽകെ.ഡബ്ള്യ.എ ഡോപ്പോസിറ്റ് | | | | | |
| കെ.എസ്.ഇ.ബി | വിവിധ അംഗനവാടികൾക്ക് വൈദ്യുതീകരണം | 31/30/2021 | 75000 | 56474 | | 18526 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1188100 |
| തൻവർഷം നിക്ഷേപിച്ച തുക ( പലിശ) | 90890 |
| ആകെ | 1278990 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1278990 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്.1378(FD ST/010813 ) | 1278990/- | FDST/010813 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 3-9 | 2006-07 | 3.71.4 | KWA Deposit Works |
| 2014-15 | 2(3) | 2016-17 | -- | -- |
| 2019-20 | 1(22)<br>1(23)<br>1(24) | 2020-21 | -- | അനുബന്ധം 2 (മെഡിക്കൽ ഓഫീസറുടെ (അലോപ്പതി) പദ്ധതികൾ |
| -- | -- | 2012-13 | 2(3) | തൊഴിലുറപ്പ് പദ്ധതി- പ്രവർത്തനക്ഷമതാ റിപ്പോർട്ട് |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് /സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1997-98 | 3-2, 3-3, | ശ്രീ.ഒ.ഉണ്ണികൃഷ്ണൻ | LF 21822/Spl.Cell /SC5/03 Dt. 24.07.2014 | 2247/- | സെക്രട്ടറിയുടെ 05-6-2012ലെ എ1/201/2007 കത്ത് ശ്രീ. ഒ.ഉണ്ണികൃഷ്ണൻ മരണപ്പെട്ടതായി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അറിയിച്ചിട്ടുണ്ട്. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,36,71,166 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,40,85,501 |
| ആകെ | 9,77,56,667 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,14,17,669 |
| നീക്കിയിരിപ്പ് | 1,63,38,998 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3174528 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,32,0000 | ശ്രീമതി .റോസി.സി. Secretary |
| 1-13 | 1854528 | ശ്രീമതി.റോസി.സി |
| **ആകെ** | 3174528 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89<br>1989-90,1990-91 | കെ.എസ്.എ.എം.പി.എം 27/1695/18 തി.18.01.2018 | 2 |
| 1991-92,1992-93 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 6 |
| 1993-94,1994-95 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 10 |
| 1995-96 | കെ.എസ്.എ.എം.പി.എം 27/1695/18 തി.18.01.2018 | 5 |
| 1996-97 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 4 |
| 1997-98 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 8 |
| 1998-99 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 10 |

| | | |
|---|---|---|
| 1999-00 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 8 |
| 2000-01 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 11 |
| 2001-02 | കെ.എസ്.എ.എം.പി.എം 27/1103/18 തി.13.06.2018 | 5 |
| 2003-04 | കെ.എസ്.എ.എം.പി.എം 27/1103/18 തി.13.06.2018 | 9 |
| 2004-05 | കെ.എസ്.എ.എം.പി.എം 27/1412/18 തി.11.09.2018 | 3 |
| 2005-06 | എൽ എഫ് എം12/391/10 തി.19.10.10 | 13 |
| 2006-07 | എൽ എഫ് എം12/542/11തി. 6.6.2011 | 14 |
| 2007-08 | എൽ എഫ് എം12/731/11 തി.8.6.2011 | 24 |
| 2008-09 | എൽഎഫ്എം12/67/11 തി.11.11.2011 | 18 |
| 2009-10 | എൽഎഫ്എം/12/68/11തി. 16.11.2011 | 16 |
| 2010-11 | എൽഎഫ് എം14/937/12 തി.12.11.2012 | 14 |
| 2011-12 | എൽഎഫ്എം14/2850/12 തി.14.03.2013 | 21 |
| 2012-13 | എൽ എഫ് എം14/1101/14 തി.10.12.14 | 13 |
| 2013-14,2014-15 | കെ എസ് എ എം പി എം27/2096/16 തി.01.01.2018 | 8 |
| 2015-16 | കെ എസ് എ എം പി എം 27/3/17 തി.15.02.2018 | 9 |
| 2016-17 | കെ.എസ്.എ.എം.പി.എം 27/1566/17 തി.08.05.2018 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം 27/606/19 തി.16.0.19 | 14 |
| 2018-19 | കെ.എസ്.എ.എം.പി.എം 27/926/2020 തി.25-8-20 | 08 |
| 2019-20 | കെ.എസ്.എ.എം.പി.എം 27/591/2021തി.17-11-21 | 20 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്